**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6205** **09-11-2021 - ൽ മറുപടിയ്ക്ക്**

**പൊതു ഇടങ്ങളിൽ തിയറ്ററുകൾ/ സ്റ്റേജുകൾ എന്നിവയുടെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ | | **Shri Saji Cherian**<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | എം.എൽ.എ. ഫണ്ടിൽ ഉൾപ്പെടുത്തി മണ്ഡലങ്ങളിലെ പ്രധാന പൊതുയിടങ്ങളിൽ കലാ സാംസ്കാരിക പരിപാടികൾ അവതരിപ്പിക്കുന്നതിനായി സ്റ്റേജുകൾ/തിയറ്ററുകൾ സ്ഥാപിക്കുന്നതിന് അനുമതി നല്കുമോയെന്ന് അറിയിക്കുമോ; | (എ) | ഗ്രാമീണ മേഖലയിലും ചെറു പട്ടണങ്ങളിലും കലാ സാംസ്കാരിക പ്രവർത്തനങ്ങൾക്ക് വേദികൾ ലഭ്യമല്ലാത്തിടങ്ങളിൽ മതിയായ സ്ഥലസൗകര്യമുള്ള പാതയോരങ്ങളോ പൊതുയിടങ്ങളോ കണ്ടെത്തി രംഗവേദികൾ സ്ഥാപിക്കുന്ന സാംസ്കാരിക വകുപ്പിന്റെ പദ്ധതിയാണ് 'നാട്ടരങ്ങ്". ഒരു നാട്ടരങ്ങിന്, സ്ഥല ലഭ്യതയ്ക്കനുസരിച്ച് ഒരു തുറന്ന സ്റ്റേജ്, ഒരു ചമയമുറി, ഗാർഡൻ ബഞ്ചുകൾ എന്നിവയും സൗന്ദര്യ വൽക്കരണത്തിനായി ചുവർചിത്രങ്ങൾ, ചെറുശില്പങ്ങൾ, റിലീഫ് വർക്കുകൾ തുടങ്ങിയവയും പദ്ധതിയിൻകീഴിൽ വിഭാവനം ചെയ്യുന്നു. നടപ്പ സാമ്പത്തിക വർഷം സാംസ്കാരിക വകുപ്പിന്റെ പദ്ധതി വിഹിതം വിനിയോഗിച്ചുകൊണ്ട് ഒരു നാട്ടരങ്ങിന് 20 ലക്ഷം രൂപ വീതം 2 നാട്ടരങ്ങ് സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. എം.എൽ.എ. ഫണ്ട് കൂടി ഉൾപ്പെടുത്തി നാട്ടരങ്ങ് പദ്ധതി വിപുലീകരിക്കുന്നകാര്യം പരിശോധിച്ചു വരുന്നു. സ്ഥലലഭ്യത യുള്ളിടത്ത് എം.എൽ.എ. ഫണ്ട് ലഭ്യമാകുകയാണെങ്കിൽ സാംസ്കാരിക വകുപ്പിന്റെ നേതൃത്വത്തിൽ മുൻപറഞ്ഞ നാട്ടരങ്ങുകളുടെ നിർവഹണം ഏറ്റെടുക്കാവുന്നതാണ്. |
| (ബി) | വിവിധ വകുപ്പുകളുടെ അധീനതയിലുള്ള ഭൂമി സാംസ്കാരിക വകുപ്പിന് കൈമാറാതെ തന്നെ സ്റ്റേജുകൾ നിർമ്മിക്കുവാൻ സാധിക്കുമോയെന്ന് വ്യക്തമാക്കാമോ? | (ബി) | വിവിധ വകുപ്പുകളുടെ അധീനതയിലുള്ള ഭൂമിയുടെ ഉടമസ്ഥാവകാശം കൈമാറാതെ തന്നെ പദ്ധതി ഉപയോഗത്തിന് മാത്രമുള്ള നിരാക്ഷേപപത്രം വാങ്ങി 'നാട്ടരങ്ങ്" സ്ഥാപിക്കാനാകും. ഇവയുടെ പരിപാലന ചുമതല അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്നത് പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ